**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **22-02-2022 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടനിർമ്മാണത്തിന് പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുവാൻ സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്ത് സർവ്വെ നമ്പർ 163/5 ൽ ഉൾപ്പെട്ടതും എടച്ചേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ളതുമായ 50 സെന്റ് ഭൂമിയിൽ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് കൈമാറുന്നതിനുള്ള ഭരണ സമിതി തീരുമാനം ഉൾപ്പെടുത്തിയ കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി രജിസട്രേഷൻ വകുപ്പിന്റെ ശിപാർശ നാളിതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | സർക്കാർ ഓഫീസ് നിർമ്മാണത്തിനും മറ്റും പഞ്ചായത്ത് വകുപ്പിന്റെ ഭൂമി വിട്ട് നൽകാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (ബി) | ഒരു ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച ഭൂമി പ്രസ്തുത ആവശ്യം പൂർണ്ണമായും പരിഹരിക്കാത്ത മറ്റൊരാവശ്യത്തിനായി ഉപയോഗിക്കുന്നതും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സ്ഥലങ്ങൾ കൈമാറുന്നതും തടസ്സങ്ങൾക്ക് കാരണമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ